## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5831.** **03.11.2016 ന് മറുപടിയ്ക്ക്**

## എക്സൈസ് കേസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര എക്സൈസ് കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 26.10.2016 തീയതി വരെ എക്സൈസ് വകുപ്പ് 11480 അബ്കാരി കേസുകളും 1286 എൻ.ഡി.പി.എസ്. കേസുകളും 25171 കോട്പ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | 2016 മേയ് മാസത്തിന് ശേഷം എത്ര അബ്കാരി കേസുകളിൽ പരാജയപ്പെട്ടുവെന്ന് വിശദമാക്കാമോ; | (ബി) | എക്സൈസ് വകുപ്പ് 2016 മെയ് മാസത്തിന് മുമ്പ് രജിസ്റ്റർ ചെയ്ത് കുറ്റപത്രം സമർപ്പിച്ച 455 അബ്കാരി കേസുകൾ നാളിതുവരെ പരാജയപ്പെട്ടിട്ടുണ്ട്. |
| (സി) | എക്സൈസ് കേസുകൾ പരാജയപ്പെടുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | പരിശോധിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ് പരാജയപ്പെടുന്ന കേസുകൾ സംബന്ധിച്ച് ബന്ധപ്പെട്ട സർക്കാർ അഭിഭാഷകനുമായി ചർച്ച ചെയ്ത് ടി കേസ് പരാജയപ്പെടാനുണ്ടായ കാരണങ്ങൾ വിലയിരുത്തി കൂടുതൽ മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ട്. പ്രസ്തുത കേസുകളുടെ വിധിപകർപ്പുകൾ പരിശോധിച്ച് ആവശ്യമായ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ അപ്പീൽ സമർപ്പിച്ചു വരുന്നു. നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് കുറ്റക്കാർ ശിക്ഷയിൽ നിന്നും ഒഴിവാകുന്നത് തടയാൻ അബ്കാരി ആക്ടിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുന്ന കാര്യം പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊണ്ടു വരുന്നു. സാക്ഷികൾ കൂറുമാറുന്നതുകൊണ്ട് കേസുകൾ |

| | | | |
|---|---|---|---|
| | | | പരാജയപ്പെടുന്നുണ്ട്.<br>കേസുകൾ കണ്ടെടുത്ത് രജിസ്റ്റർ ചെയ്യുന്ന സമയത്തോ അന്വേഷണത്തിലോ കുറ്റപത്രം സമർപ്പിക്കുന്ന സമയത്തോ നടപടിക്രമത്തിൽ ഉണ്ടായ എന്തെങ്കിലും പാകപ്പിഴയോ അപാകതയോ കൊണ്ടാണ് പ്രസ്തുത കേസുകൾ പരാജയപ്പെട്ടിട്ടുള്ളത് എങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രസ്തുത വിഷയത്തിൽ കർശനമായ താക്കീത് നൽകുകയും ആയത് മനപ്പൂർവ്വമായ വീഴ്ചയാണ് എന്ന് ബോദ്ധ്യപ്പെട്ടാൽ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. പ്രധാനപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിന് വേണ്ടി എക്സൈസ് വകുപ്പിൽ ക്രൈം ബ്രാഞ്ച് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കേസുകൾ കണ്ടെടുക്കുന്നതും അന്വേഷണവും ആയി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സംബന്ധിച്ച് എക്സൈസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**